# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 29 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്–1


ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


### *മകരവിളക്ക് ഉത്സവത്തിന് ഇന്ന് (30) തുടക്കം*

ശബരിമല മകരവിളക്ക് ഉത്സവത്തിന് ഇന്ന് (30) തുടക്കമാവും. വൈകിട്ട് അഞ്ചിന് നട തുറക്കുന്നതോടെ ഭക്തർക്ക് ദർശനം നടത്താം. ഇന്ന് വൈകിട്ട് 6.20ന് ദിപാരാധനയ്ക്കു ശേഷം രാത്രി 11ന് ഹരിവരാസനത്തോടെ നടയടക്കും. ഡിസംബർ 31 ന് പുലർച്ചെ മൂന്നിന് നട തുറക്കും. തുടർന്ന് 3.15 മുതൽ ഉച്ചയ്ക്ക് 12 വരെ നെയ്യഭിഷേകം. മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ചുള്ള ഒരുക്കങ്ങൾ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ പൂർത്തിയായി. മകരവിളക്ക് തീർത്ഥാടനകാലത്ത് ശബരിമലയിൽ സുരക്ഷ ഒരുക്കാനുള്ള പൊലീസ് സംഘവും പൂർണ്ണസജ്ജമാണ്. ജനുവരി 14നാണ് മകരവിളക്ക് മഹോത്സവം.

***(പി.ആർ. ശബരി–376)***


